# കേരളസർവകലാശാല

നം.പി.ആർ.162/2021

## പത്രക്കുറിപ്പ്

### ബിരുദപ്രവേശനം 2021
### അപേക്ഷിക്കുന്നതിനുള്ള തീയതി ആഗസ്റ്റ് 27 വരെ നീട്ടിയിരിക്കുന്നു.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയും യു.ഐ.റ്റി.കളിലേയും ബിരുദപ്രവേശനത്തിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 27 വരെ നീട്ടിയിരിക്കുന്നു. ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്ക് ഈ അവസരം ഉപയോഗിക്കാവുന്നതാണ്.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനിലുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം 2021 ആഗസ്റ്റിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ബി.എ. (2018 അഡ്മിഷൻ) പരീക്ഷയുടെ പ്രോജക്ട് റിപ്പോർട്ട് ആഗസ്റ്റ് 27 ന് മുമ്പായി വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

### ടൈംടേബിൾ

കേരളസർവകലാശാല ആഗസ്റ്റ് 27 ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷ ആഗസ്റ്റ് 2021 (പേപ്പർ I) സെപ്റ്റംബർ 6 ലേക്ക് മാറ്റിയിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 27 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ എം.ഫിൽ. സംസ്കൃതം (2019 – 20 ബാച്ച്) തിരുവനന്തപുരം ഗവ.സംസ്കൃത കോളേജ് വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2021 സെപ്റ്റംബറിൽ നടത്തുന്ന നാലാം സെമസ്റ്റർ ബി.പി.എഡ്. (ദ്വിവത്സര കോഴ്സ് 2018 സ്കീം) റെഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷയ്ക്ക് ഓൺലൈനായി പിഴകൂടാതെ ആഗസ്റ്റ് 27 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 2 വരെയും 400 രൂപ പിഴയോടെ

സെപ്റ്റംബർ 6 വരെയും അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ 2021 സെപ്റ്റംബറിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. (2020 സ്കീം റെഗുലർ – ഫുൾ ടൈം (യു.ഐ.എം. ഉൾപ്പെടെ/ട്രാവൽ ആന്റ് ടൂറിസം) ഡിഗ്രി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ആഗസ്റ്റ് 27 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 2 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 6 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2021 സെപ്റ്റംബർ 1 മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ. തിയറി പരീക്ഷകൾക്ക് തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾ കാര്യവട്ടം എസ്.ഡി.ഇ.യിലും, ബി.സി.എ. വിദ്യാർത്ഥികൾ തിരുവനന്തപുരം കണ്ണമ്മൂല ജോൺ കോക്സ് മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലും കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ.കോളേജിലും ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ആലപ്പുഴ ആരിയാട് കെ.യു.സി.റ്റി.ഇ.യിലും ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റും തിരിച്ചറിയൽ കാർഡുമായി പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

## ഓണം അവധി

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് ആഗസ്റ്റ് 18 വൈകുന്നേരം ഓണം അവധിക്കായി അടയ്ക്കുന്നതും അവധിക്കുശേഷം 2021 ആഗസ്റ്റ് 31 ന് പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

## പിഎച്ച്.ഡി. നൽകി

രേണുജ എസ് കൃഷ്ണൻ, ശ്രീനിത പി.ആർ. (ഹിന്ദി), ജിതിൻ ബാബു,ഐശ്വര്യ വി.ആർ. (സൈക്കോളജി), വിഷ്ണു വി.ആർ., അനിത എൽ. (കെമിസ്ട്രി), അനു എസ്., ഗ്രീഷ്മ ജി.എം., രഞ്ജുമോൾ ആർ., ശ്രീലക്ഷ്മി ആർ., ഗൗരി പ്രിയ രഞ്ജിത്, കമൽ കുമാർ വി. (ബോട്ടണി), അശ്വതി റ്റി. ആർ. (കമ്പ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോഇൻഫോർമാറ്റിക്സ്), ആതിര എൻ. (എൻവിറോൺമെന്റൽ സയൻസസ്), ബിജില ബി.ആർ. (മാത്തമാറ്റിക്സ്), നിത്യ ആർ. (മാനേജ്മെന്റ് സ്റ്റഡീസ്), ബെറ്റി സണ്ണി (ഫിലോസഫി), രേഷ്മ ആർ അനിൽകുമാർ, ലീന ചന്ദ്രശേഖർ, ഉണ്ണിക്കൃഷ്ണൻ (ബയോടെക്നോളജി), സ്വപ്ന പി.എസ്., ജിസു എൽസ ജേക്കബ് (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), ചിന്ത ജെറോം (ഇംഗ്ലീഷ്), ധന്യാരാജ് ഡി. (സുവോളജി), പ്രഭ ജ്യോതി പി.എസ്. (ഫിസിക്സ്), അനിത കുമാരി കെ.എസ്., കൃഷ്ണ അരവിന്ദ് (മലയാളം), മായ റാണി ആർ., രാജഗോപാൽ പി.കെ. (പൊളിറ്റിക്കൽ സയൻസസ്), ചാന്ദിനി എസ്. ഗോപി (ഇക്കണോമിക്സ്), ഫെമിൻ വി.റ്റി. (ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്), സുനിൽ കുമാർ വി., ശ്രീജി എസ്.എൽ., പ്രദീപ പി. (കൊമേഴ്സ്), രേവതി വി.എസ്. (ഹിസ്റ്ററി), ലീന ആർ., ഷീബ എ. (മെക്കാനിക്കൽ എഞ്ചിനീയറിംഗ്), ചിൻസു മെറീന ജോയി (സിവിൽ എഞ്ചിനീയറിംഗ്), ജിഷ ജി.ആർ., പ്രീത ലാലി വൈ.എം. (എഡ്യൂക്കേഷൻ), സ്വരാജ് എം. (മാനേജ്മെന്റ് സ്റ്റഡീസ്) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു

.

തിരുവനന്തപുരം,
17.08.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**